ഭൂരഹിതരായ ഗ്രാമീണ തൊഴിലാളികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന് പദ്ധതിവിഹിതത്തിൽനിന്നും 14,95,625 രൂപ വകയിരുത്തിയിരുന്നു. അതിലേയ്ക്കാവശ്യമായ ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് സമിതി ഒരു തീരുമാനമെടുത്തതനുസരിച്ച് ഭൂമി വിലയ്ക്കു നൽകാൻ സന്നദ്ധരായവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിന് പത്രത്തിൽ പരസ്യം കൊടുക്കുകയും ചെയ്തു. 4 അപേക്ഷകൾ പഞ്ചായത്തിന് ലഭിച്ചതിൽ കുളത്തൂപ്പുഴ വില്ലേജിലെ സർവ്വേ നമ്പർ 908/1എ14-ൽപ്പെട്ട സ്ഥലം സെന്റ് ഒന്നിന് 6000 രൂപ വിലയ്ക്കുനൽകാമെന്ന വസ്തു ഉടമയുടെ സന്നദ്ധത പരിഗണിച്ച് പഞ്ചായത്ത് ഈ വസ്തു വാങ്ങുന്നതിന് പ്രാഥമികമായി തീരുമാനിച്ചു. കൊല്ലം ജില്ലാകളക്ടർ സെന്റ് ഒന്നിന് 3250 രൂപ വില നിശ്ചയിച്ചു നൽകി. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച എല്ലാ രേഖകളും പരിശോധിച്ച് കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡർ അത് പഞ്ചായത്തിന് നിയമാനുസൃതം വിലയ്ക്കുവാങ്ങാവുന്നതാണെന്ന് സാക്ഷ്യപ്പെടുത്തി നൽകി. ഇതിന്റെ യടിസ്ഥാനത്തിൽ 31.3.99-ന് സെന്റ് ഒന്നിന് 4250 രൂപാ ക്രമത്തിൽ പതിമൂന്ന് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ നൽകി മൂന്നേക്കർ ഇരുപത് സെന്റ് സ്ഥലം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പതിനഞ്ച് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ ഇതിലേയ്ക്ക് ആകെ ചെലവായിട്ടുണ്ട്. എന്നാൽ അതിനുശേഷം 10.7.99-ന് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ പരാമർശവസ്തുവിന്റെ ഈടിന്മേൽ വസ്തുഉടമ ഈ ബാങ്കിൽ നിന്നും ഇരുപത്തിഎട്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ വായ്പയായി എടുത്തിട്ടുണ്ടെന്നും അത് നാളിതുവരെ തിരിച്ചടച്ചിട്ടില്ലായെന്നും അതിനാൽ ഈ വസ്തുവിന്റെമേൽ എന്തെങ്കിലും കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുകയില്ലെന്നും പഞ്ചായത്തിനെ അറിയിച്ചിരുന്നു. പഞ്ചായത്ത് ഭൂമി വാങ്ങിയതുമായി ഉയർന്നുവന്നിട്ടുള്ള ഗുരുതരമായ ആരോപണങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തക്കതായ നടപടിയെടുക്കുന്നതാണ്.

IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

Chief Minister (Sri. E.K. Nayanar) : Sir, I lay on the Table:

1. G.O. (MS) No. 432/99/GAD dated 17th June, 1999 (S.R.O. No. 526/99)
2. G.O. (MS) No. 100/99/Home dated 18th June, 1999 (S.R.O. No. 542/99)
3. G.O. (MS) No. 110/99/Home dated 24th June, 1999 (S.R.O. No. 545/99)

Minister for Food, Tourism and Law (Shri. E. Chandrasekharan Nair) : Sir,I lay on the Table:

1. G.O(P) No. 153/99/AD dated 10th June, 1999 (S.R.O. No. 523/99)

2. Annual Report and Accounts of Kerala Live Stock Development Board Limited for the year 1996-97 together with statement showing the reasons for delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly

Minister for Health and Sports (Shri. A.C. Shanmughadas) : Sir, on the behalf of the Minister for Forest and Transport to lay on the Table:

1. GO (P) No. 18/99/Tran. dated 19th June, 1999 (S.R.O. No. 536/99)
2. GO (P) No. 36/99/F&WLD dated 19th April, 1999 (S.R.O. No. 431/99)
3. GO (P) No. 12/99/F&WLD dated 1st February, 1999 (S.R.O. No. 126/99) together with statement showing the reasons for delay in submitting the same.

Minister for Food, Tourism and Law (Shri. E. Chandrasekharan Nair) : Sir, on the behalf of the Minister for Irrigation and Labour to lay on the Table :

Annual Report and Audited Statement of Accounts of Kerala Handloom Worker's Welfare Fund Board for the Year 1996-97 together with statement showing the reasons for delay in submitting the same.

Minister for Electricity and Co-operations (Shri. S. Sarma) : Sir, I lay on the Table :

1. G.O. (P) No. 45/99/Co-Op. dated 17th March, 1999 (S.R.O. No. 264/99)
2. G.O. (P) No. 72/99/Co-Op. dated 27th April, 1999 (S.R.O. No. 414/99)
3. G.O. (P) No. 81/99/Co-Op. dated 19th May, 1999 (S.R.O. No. 472/99)
4. G.O. (P) No. 91/99/Co-Op. dated 31st May, 1999 (S.R.O. No. 512/99)
5. G.O. (P) No. 77/99/Co-Op. dated 15th May, 1999 (S.R.O. No. 498/99)
6. G.O. (P) No. 86/99/Co-Op. dated 28th May, 1999 (S.R.O. No. 501/99)
7. G.O. (P) No. 85/99/Co-Op. dated 18th May, 1999 (S.R.O. No. 499/99)

Minister for Finance (Shri. T. Sivadasa Menon) : Sir, I lay on the Table:

G.O. (P) No. 94/99/TD dated 28th June, 1999 (SRO No. 551/99)

Minister for Industries and Social Welfare Smt. Suseela Gopalan, Sir, I lay on the Table:

1. Annual Report and Accounts of Foam Mattings (India) Limited for the year 1996-97 together with statement showing the reasons for delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly

2. Annual Report and Accounts of Trivandrum Spinning Mills Limited for the year 1997-98 together with statement showing the reasons for delay in submitting the same.

The Secretary Sir, I lay on the Table the following Bill passed by the Assembly and assented to by the President.

The Kerala Land Reforms (Amendement) Bill, 1999.

V. റിപ്പോർട്ട് സമർപ്പണം

1999-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനകാര്യബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി.സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. ധനകാര്യം

1999-2000 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-2000 വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VII. അറിയിപ്പ്

മി. സ്പീക്കർ : അടുത്ത ദിവസങ്ങളിലെ ബിസിനസ്സുകളിൽ ഒരു ചെറിയ ചെയിഞ്ചുണ്ട്. 22.7.99-ന് കൂടുതൽ ബിസിനസ്സുകൾ സഭയിൽ പരിഗണിക്കേണ്ടതുള്ളതിനാൽ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ പേയ്മെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് (അമെന്റ്മെന്റ്) ബില്ലിന്റെ പരിഗണന 21-ാം തീയതിയിലോട്ട് മാറ്റുന്നു.

VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i)റിപ്പോർട്ട് പരിഗണന

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പ്രകാശ് ബാബു : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly